**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 347** **01-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിലെ താത്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പി .എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ താത്കാലിക നിയമനം വഴി നികത്തുവാനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 20/12/2022 ൽ PDLSGD/1241/2022- C2 നമ്പറിൽ ഒരു ഉത്തരവിറക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, സാങ്കേതികവിഭാഗത്തിൽപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ ഗ്രേഡ് 1, 2, 3 എന്നീ തസ്തികകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അതുപ്രകാരം പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത ഉദ്യോഗാർഥികൾക്കെല്ലാം നിയമനം നൽകിയെങ്കിലും ജോലിയിൽ പ്രവേശിച്ചവരിൽ പലരും വിവിധ കാരണങ്ങളാൽ അവധിയിൽ പ്രവേശിക്കുകയോ മറ്റു സർവീസുകളിലേയ്ക്ക് മാറിപ്പോവുകയോ ചെയ്തിരിക്കുകയാണ് .ഇതുമൂലം വീണ്ടും ഒഴിവുകൾ വന്നു .<br><br>എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ എത്തിനിൽക്കുകയും പൊതുജനങ്ങളുടെ ക്ഷേമവും വികസനവും മുൻനിർത്തി വാർഷികപദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള ടി പ്രവൃത്തികൾ മാർച്ച് 31 – ന് മുൻപ് പൂർത്തീകരിക്കുകയും ചെയ്യേണ്ട സാഹചര്യത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ, പി. എസ്.സി.യിൽ നിന്നും നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ, നിയമനം ലഭിച്ച തദ്ദേശസ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതുവരെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കരാർ/ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിനും തനത് ഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റ് - ൽ നിന്നും വേതനം നൽകുന്നതിനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് |

| | | | |
|---|---|---|---|
| | 1 (സിവിൽ) തസ്തികയിൽ നിയമന ഉത്തരവ് നൽകി 45 ദിവസം കഴിഞ്ഞിട്ടും എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എൻ.ജെ.ഡി. ഒഴിവുകൾ കാലതാമസം കൂടാതെ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | | -1 (സിവിൽ) തസ്തികയിൽ നിലവിലുള്ള എൻ.ജെ.ഡി ഒഴിവുകൾ 25.01.2023-ന് കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ